ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.01.2025**

## പ്രധാനവാർത്തകൾ

1). **എൻ.സി.സി യുടെ വാർഷിക പി.എം റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.**

2). **വയനാട് നരഭോജി കടുവ ചത്ത നിലയിൽ. കടുവയുടെ സാന്നിധ്യം സംശയിച്ച ഇടങ്ങളിൽ അന്വേഷണം തുടരും. മേഖലയിലെ കർഫ്യൂ പിൻവലിച്ചു.**

3). **സംസ്ഥാനത്ത് റേഷൻ വ്യാപാരികളുടെ അനിശ്ചിതകാല കടയടപ്പ് സമരം ആരംഭിച്ചു. വ്യാപാരികളുമായി ഭക്ഷ്യമന്ത്രി ഇന്ന് ചർച്ച നടത്തും.**

4). **ഐ എസ് ആർ ഒ യ്ക്ക് കീഴിലുള്ള വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെൻറർ ഡയറക്ടറായി എം. മോഹൻ ചുമതലയേറ്റു.**

5). **ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയിൻറ്- ബംഗളൂരു എഫ് സി പോരാട്ടം.**

RNU TVPM

==========================================

## പ്രധാനമന്ത്രി - എൻ.സി.സി റാലി

ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന എൻ.സി.സി യുടെ വാർഷിക പി.എം റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. 'യുവ ശക്തി, വികസിത ഭാരതം" എന്നതാണ് ഈ വർഷത്തെ പ്രമേയം. 800-ലധികം cadet കൾ പങ്കെടുക്കുന്ന സാംസ്കാരിക പരിപാടിയും അരങ്ങേറും.

=============================================

## വയനാട് കടുവ-ചത്ത നിലയിൽ

വയനാട് പഞ്ചാരക്കൊല്ലിയിലെ നരഭോജി കടുവയെ ചത്ത നിലയിൽ കണ്ടെത്തി. പുലർച്ചെ ആറ് മണിയോടെ ദൗത്യസംഘമാണ് കടുവയുടെ ജഡം കണ്ടെത്തിയത്. കടുവയുടെ ദേഹത്ത് മുറിവുകളുണ്ട്. മരണകാരണം പോസ്റ്റ് മോർട്ടത്തിന് ശേഷമേ വ്യക്തമാകൂ എന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. പോസ്റ്റ് മോർട്ടം നടപടികൾ പുരോഗമിക്കുകയാണ്. നാല് ദിവസം മുൻപ് ആദിവാസി യുവതി രാധയെ കൊലപ്പെടുത്തിയ കടുവ ഇന്നലെ ദൗത്യസംഘത്തിലെ ഒരാളെ ആക്രമിച്ചിരുന്നു.

RNU TVPM

=============================================

## എ.കെ ശശീന്ദ്രൻ- (ഇൻട്രോ)

വയനാട് നേരത്തെ കടുവയുടെ സാന്നിധ്യം സംശയിച്ച മറ്റ് ഇടങ്ങളിൽ അന്വേഷണം തുടരുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. വനം വകുപ്പ് പ്രത്യേക സംഘം ഇന്നും നാളെയുമായി പരിശോധന നടത്തുമെന്നും മന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ്.................)**

പഞ്ചാരക്കൊല്ലി പ്രിയദർശിനി എസ്റ്റേറ്റിൽ ഇന്ന് വനം മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരുന്നുണ്ട്. അതേസമയം പഞ്ചാരക്കൊല്ലി, പിലാക്കാവ്, ചിക്കറ ഭാഗങ്ങളിൽ പ്രഖ്യാപിച്ച കർഫ്യൂ പിൻവലിച്ചതായി വയനാട് ജില്ലാ കളക്ടർ സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

==========================================

** റേഷൻ - അനിശ്ചിതകാല സമരം**

സംസ്ഥാനത്ത് റേഷൻ വ്യാപാരികളുടെ അനിശ്ചിതകാല കടയടപ്പ് സമരം ആരംഭിച്ചു. വേതന പരിഷ്കരണം നടപ്പാക്കണമെന്നാവശ്യപ്പെട്ടാണ് സമരം. അതേസമയം, ഇന്ന് 200-ലധികം റേഷൻ കടകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. സമരം നടത്തുന്ന റേഷൻ വ്യാപാരികളുമായി മന്ത്രി ജി ആർ അനിൽ ഇന്ന് ചർച്ച നടത്തും. ഉച്ചക്ക് രണ്ട് മണിക്ക് മന്ത്രിയുടെ ചേംബറിലാണ് ചർച്ച. ഓൺലൈനായും റേഷൻ വ്യാപാരികൾക്ക് ചർച്ചയിൽ പങ്കെടുക്കാമെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

==========================================

**ഐ.എസ്.ആർ.ഒ**

ഐ എസ് ആർ ഒ യ്ക്ക് കീഴിലുള്ള തിരുവനന്തപുരം വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെൻറർ ഡയറക്ടറായി എം. മോഹൻ ഇന്ന് രാവിലെ ചുമതലയേറ്റു. ഡോ.വി. നാരായണൻ ഐഎസ്ആർഒ ചെയർമാനായി നിയമിതനായ ഒഴിവിലാണ് നിയമനം. ആലപ്പുഴ മുല്ലയ്ക്കൽ സ്വദേശിയാണ്. 2024 ജൂലൈ 1 മുതൽ വിക്രം സാരാഭായ് സ്പേസ് സെൻററിൽ പ്രോജക്ട്സ് വിഭാഗം ഡയറക്ടറാണ്. ഒന്നാം ചന്ദ്രയാൻ ദൗത്യത്തിൽ ചന്ദ്രനിൽ ഇന്ത്യൻ പതാക പതിപ്പിച്ച മൂൺ ഇംപാക്ട് പ്രോബിൻറെ സിസ്റ്റം ലീഡറായിരുന്നു എം മോഹൻ.

RNU TVPM

==========================================

**വി ശിവൻകുട്ടി**

ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിൻറെ ഭാഗമായി പുതുക്കിയ പാഠപുസ്തകങ്ങൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി തിരുവനന്തപുരത്ത് ആരംഭിച്ചു.
മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിലാണ് യോഗം. 2, 4, 6, 8 ക്ലാസുകളിലെ പുതുക്കിയ

128 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

==============================================

**അന്തരിച്ചു - തുളസീ ഭാസ്കരൻ**

മുതിർന്ന മാധ്യമപ്രവർത്തകയും ദേശാഭിമാനിയുടെ ആദ്യവനിതാ ന്യൂസ് എഡിറ്ററുമായ തുളസി ഭാസ്കരൻ അന്തരിച്ചു.
77 വയസ്സായിരുന്നു. ശ്രീപത്മനാഭസ്വാമി ക്ഷേത്രം ഭരണസമിതി അംഗമാണ്. ഭൗതിക ദേഹം ഉച്ചയോടെ മാഞ്ഞാലിക്കുളത്തെ വീട്ടിലെത്തിക്കും. സംസ്കാരം നാളെ തൈക്കാട് ശാന്തി കവാടത്തിൽ. തുളസി ഭാസ്കരൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

==============================================

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==============================================

**വി ഡി സതീശൻ**

മദ്യ വില വർധിപ്പാക്കാനുള്ള സർക്കാർ തീരുമാനം ദുരൂഹമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. എലപ്പുള്ളിയിൽ മദ്യ നിർമ്മാണ കമ്പനിക്ക് അനുമതി നൽകിയതു പോലെ ഈ തീരുമാനത്തിലും സുതാര്യതയില്ലെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു. സർക്കാർ തീരുമാനം പിൻവലിക്കണമെന്നും ശ്രീ വി ഡി സതീശൻ ആവശ്യപ്പെട്ടു.

==============================================

**ഇടുക്കി ജനകീയ ക്യാമ്പെയിൻ - (ഇൻട്രോ)**

സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടുക്കി ഇടമലക്കുടിയിലെ വിവിധ സ്ഥാപനങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻറെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ സംഘം വിലയിരുത്തി.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......................**

**(വോയിസ്.........)**

==========================================

**പുഷ്പോത്സവം - കണ്ണൂർ**

കണ്ണൂർ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച കണ്ണൂർ പുഷ്പോത്സവം ഇന്ന് സമാപിക്കും. സമാപനസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

==========================================

**തൃശൂർ മന്ത്രി ആർ ബിന്ദു - (ഇൻട്രോ)**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻറ് ഇന്നവേഷൻ ഉന്നതവിദ്യാഭ്യാസ വകുപ്പിൻറെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന സെൻറർ ഓഫ് എക്സലൻസിൻറെ ധാരണാപത്രം മന്ത്രി ആർ. ബിന്ദുവിൻറെ സാന്നിദ്ധ്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ കൈമാറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....**

**(വോയിസ്........)**

==========================================

**വയനാട് മരണം**

കോഴിക്കോട് തിക്കൊടിയിൽ തിരയിൽ അകപെട്ട് മരിച്ച നാലുപേരുടേയും മൃതദേഹങ്ങൾ മെഡിക്കൽ കോളേജിൽ പോസ്റ്റമോർട്ടത്തിന് ശേഷം വയനാട്ടിലേക്ക് കൊണ്ടുപോയി. കൽപറ്റയിൽ നിന്നും വിനോദ സഞ്ചാരത്തിന് എത്തിയ സംഘത്തിൽ പെട്ട നാലു പേരാണ് തിരയിൽ പെട്ട് മരിച്ചത്.

==========================================

RNU TVPM

**താപനില**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ ആരോഗ്യപ്രശ്ണങ്ങൾക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കാൻ നിർദേശം.

==========================================

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയിൻറ് ബംഗളൂരു എഫ് സി യെ നേരിടും. രാത്രി 7 .30 ന് കൊൽക്കത്തയിലാണ് മത്സരം.

==========================================

**ഓഹരി+സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 606 പോയിൻറ് താഴ്ന്ന് 75,587-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 188 പോയിൻറ് കുറഞ്ഞ് 22,906 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. സ്വർണം ഗ്രാമിന് 15 രൂപ കുറഞ്ഞ് 7,540 രൂപയും, പവന് 120 രൂപ കുറഞ്ഞ് 60,320 രൂപയുമാണ് ഇന്നത്തെ വില.

==========================================

**പാലക്കാട് കൊലപാതകം**

പാലക്കാട് നെന്മാറയിൽ അമ്മയും മകനും വെട്ടേറ്റ് മരിച്ചു . പോത്തുണ്ടി ബോയൻ കോളനിയിൽ മീനാക്ഷി, മകൻ സുധാകരൻ എന്നിവരാണ് മരിച്ചത്. ഇന്ന് രാവിലെയോടെയാണ് സംഭവം. കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ അയൽവാസിയായ ചെന്താമരയാണ് ആക്രമിച്ചതെന്ന് പോലീസ് പറഞ്ഞു.

PNUTVPM

മരിച്ച സുധാകരൻറെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് ചെന്താമര.

==========================================

**പാലക്കാട് - ചുമതലയേറ്റു**

ബിജെപി പാലക്കാട് ഈസ്റ്റ് ജില്ലാ അധ്യക്ഷനായി പ്രശാന്ത് ശിവൻ ചുമതലയേറ്റു. വെസ്റ്റ് ജില്ല പ്രസിഡൻറിനെ ഉച്ചക്ക് ശേഷം പ്രഖ്യാപിക്കും.

==========================================

**സന്ദീപ് വാര്യർ**

കോൺഗ്രസ് നേതാവ് സന്ദീപ് വാര്യരെ കെ.പി.സി.സി വക്താവായി നിയമിച്ചു. കെ.പി.സി.സി പ്രസിഡൻറ് കെ സുധാകരൻ ഇത് സംബന്ധിച്ച് നിർദേശം നൽകി. നിലവിലെ കോൺഗ്രസ് പാർട്ടി വക്താക്കളുടെ പട്ടികയിൽ സന്ദീപ് വാര്യരെയും ഉൾപ്പെടുത്തി.

==========================================

**കോഴിക്കോട് തീപിടുത്തം**

കോഴിക്കോട് മൂരിയാട് പാലത്തിന് സമീപം രണ്ടു ഇരുനില വീടുകൾ ഭാഗികമായി കത്തി നശിച്ചു. ആളപായമില്ല. ഇന്ന് പുലർച്ചെയായിരുന്നു സംഭവം. ഫയർ യൂണിറ്റെത്തിയാണ് തീയണച്ചത്. ബൈക്കിൽ നിന്നാണ് തീ പടർന്നതെന്നാണ് നിഗമനം.

==========================================

**കോഴിക്കോട് - മരണം**

കേരള സംസ്ഥാന വോളിബോൾ അസോസിയേഷൻ മുൻ പ്രസിഡൻറും, മലബാർ ചേംബർ ഓഫ് കൊമോഴ്സ് മുൻ പ്രസിഡണ്ടുമായിരുന്ന പി സുന്ദർദാസ് കോഴിക്കോട് അന്തരിച്ചു. ബിച്ച് റോട്ടറി ക്ലബ് പ്രസിഡൻ്റ് ശ്രീകണ്ഠേശ്വരം ക്ഷേത്രം വൈസ് പ്രസിഡൻ്റ് തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. 50 വർഷത്തോളം കോഴിക്കോടെ വ്യവസായിക സാമൂഹിക കായിക രംഗത്ത് വിവിധ സംഘടനകളിൽ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്.

RNU TVPM

==========================================

**വിഴിഞ്ഞം കോൺക്ലേവ്-മുഖ്യമന്ത്രി**

രണ്ടു ദിവസത്തെ വിഴിഞ്ഞം കോൺക്ലേവിനു നാളെ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. 300 പ്രതിനിധികളും 50ലധികം പ്രമുഖ നിക്ഷേപകരും പങ്കെടുക്കും.

==========================================

**മലയോര സമര പ്രചരണ യാത്ര**

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിക്കുന്ന യു.ഡി.എഫ് സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര കണ്ണൂർ ജില്ലയിൽ ഇന്ന് പുനരാരംഭിക്കും. ജില്ലയിൽ രണ്ട് മണിക്ക് ആറളത്തും നാല് മണിക്ക് കൊട്ടിയൂരിലും യാത്ര എത്തിച്ചേരും. തുടർന്ന് വയനാട്ടിലേക്ക് പോകും.

RNU TVPM

===================

===========================

==========================================